**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 838** **28-01-2026 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള വിതരണം കുടിശ്ശികയായത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക സ്വതന്ത്ര യൂണിറ്റുകളായാണ് നിലകൊള്ളുന്നത്. ഓരോ ക്ഷേത്രങ്ങളിലും നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാത് ക്ഷേത്ര ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. എന്നാൽ 25 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി സർക്കാർ ധനസഹായം ഉപയോഗിച്ച് ശമ്പളം നൽകി വരുന്നു.<br><br>2025 - 26 സാമ്പത്തിക വർഷം ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി ഇനത്തിൽ, "2250-00-103-87-31" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 26,14,68,000/- രൂപയിൽ നിന്നും മൂന്ന് ഗഡുക്കളായി ആകെ 15,68,80,800/- രൂപ (പതിനഞ്ച് കോടി അറുപത്തിഎട്ട് ലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) നിലവിൽ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള മലബാർ ദേവസ്വം ബോർഡിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ശമ്പളം സമയബന്ധിതമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യേക സ്വതന്ത്ര യൂണിറ്റുകളായാണ് നിലകൊള്ളുന്നത്. ഓരോ ക്ഷേത്രങ്ങളിലും നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാത് ക്ഷേത്ര ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. എന്നാൽ 25 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | | നിബന്ധനകൾക്ക് വിധേയമായി സർക്കാർ ധനസഹായം ഉപയോഗിച്ച് ശമ്പളം നൽകി വരുന്നു.<br><br>2025 - 26 സാമ്പത്തിക വർഷം ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി ഇനത്തിൽ, "2250-00-103-87-31" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 26,14,68,000/- രൂപയിൽ നിന്നും മൂന്ന് ഗഡുക്കളായി ആകെ 15,68,80,800/- രൂപ (പതിനഞ്ച് കോടി അറുപത്തിഎട്ട് ലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) നിലവിൽ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള മലബാർ ദേവസ്വം ബോർഡിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ